കേരളകൗമുദി
05 July 2017

# ഗുണകരമായ സബ്സിഡികൾ മാത്രം മതി: ഡോ. അശോക് ജെയിൻ

കൊച്ചി: മത്സ്യമേഖലയ്ക്ക് ഗുണകരമായ സബ്സിഡികൾ മാത്രം നിലനിറുത്തണമെന്ന് നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ ആരംഭിച്ച ദേശീയ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യമേഖലയിലെ സബ്സിഡികൾ ഫലപ്രദമാണോയെന്ന് പഠിക്കണം. ഇത് അനധികൃത മത്സ്യബന്ധനരീതികൾ വർദ്ധിക്കാൻ കാരണമായിട്ടുണ്ടെങ്കിൽ അവ നിറുത്തലാക്കണം.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസനലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കും. കടൽ സമ്പത്ത് ഉപയോഗിച്ച് 'ബ്ലൂ ഇക്കോണമി ' വികസിപ്പിക്കുന്നതിന് സുസ്ഥിര പരിപാലനം അനിവാര്യമാണ്.

കടൽ ടൂറിസത്തിന്റെ സാദ്ധ്യതകളും ഉപയോഗപ്പെടുത്തണം - അദ്ദേഹം പറഞ്ഞു. സുസ്ഥിര വികസനം ഉറപ്പ് വരുത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ കൂടി സംരക്ഷിക്കണം. അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനരീതികൾ തടയുന്നതിന് നിയമം കർക്കശമാക്കണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്- ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഡോ. പ്രവീൺ പുത്ര തുടങ്ങിയവർ സംസാരിച്ചു.

ശില്പശാല ഇന്ന് സമാപിക്കും.